കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – നഗരകാര്യം – പനമരം ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 626/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 13/03/2013

പരാമർശം :
1. പനമരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 17/01/2012 ലെ 14-ാം നം തീരുമാനം
2. ഗ്രാമവികസന കമ്മീഷണറുടെ 4/4/2012, 9/11/2012, 27/11/2012 എന്നീ തീയതികളിലെ 235/ഡിപി3/2012/ഗ്രാവിക നം കത്ത്

ഉത്തരവ്

സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച ബ്ലോക്ക് പഞ്ചായത്തുകളിലൊന്നായ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് 2010 ഡിസംബർ മുതൽ ഒരു വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ടി കെട്ടിടത്തിന്റെ വാടക പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച് നൽകിയത് സ്ക്വയർ ഫീറ്റിന് 4.796/- രൂപ പ്രകാരം 9,643/- രൂപയാണെന്നും പ്രദേശത്തെ കെട്ടിടലഭ്യതക്കുറവ് പരിഗണിച്ച് ടി വാടക സ്ക്വയർ ഫീറ്റിന് 7.50/- രൂപ ആയി വർദ്ധിപ്പിച്ച് 15,075/- രൂപയാക്കി നിശ്ചയിച്ച് അനുമതി നൽകി ഉത്തരവാകുന്നതിന് പരാമർശം 1 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പനമരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിന്റെയും ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പനമരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രത്യേക വാടകയായി 5/12/2010 മുതൽ പ്രതിമാസം 14,000/- രൂപയായി (പതിനാലായിരം രൂപ മാത്രം) നിശ്ചയിച്ചുത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

പി.റംലത്ത്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, പനമരം ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ